**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ**
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 24.12.2024

## തൃശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ വിജിലൻസിന്റെ മിന്നൽ പരിശോധന.

തൃശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ ബാറുടമകളിൽ നിന്നും മറ്റും കൈക്കൂലി വാങ്ങുന്നതായി വിജിലൻസ് ഡയറക്ടർക്കു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ തൃശൂർ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ മേൽനോട്ടത്തിലുള്ള വിജിലൻസ് സംഘം ഇന്ന് (24.12.2024)നടത്തിയ മിന്നൽ പരിശോധനയിൽ കൈക്കൂലിയായി ലഭിച്ച 74,820/- രൂപയും 12 കുപ്പി വിദേശമദ്യവും കണ്ടെടുത്തു.

ഇന്ന്(24/12/2024) വൈകുന്നേരം നാല് മണിയോടെ തൃശൂർ എക്സൈസ് സർക്കിൾ ഓഫീസിലും പരിസരത്തും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രി അശോക് കുമാറിന്റെ കയ്യിൽ നിന്നും കണക്കിൽപ്പെടാത്ത 32,820/- രൂപയും എക്സൈസ് ഓഫീസിന്റെ പരിസരത്തു പാർക്ക് ചെയ്തിരുന്ന എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിന്റെ മുൻ സീറ്റിനടിയിൽ ഒളിപ്പിച്ചനിലയിൽ 42,000/- രൂപയും ടി വാഹനത്തിന്റെ പിൻ സീറ്റിനടിയിൽ ഒളിപ്പിച്ചനിലയിൽ സൂക്ഷിച്ചിരുന്ന 12 കുപ്പി വിദേശമദ്യവും വിജിലൻസ്

പിടിച്ചെടുത്തു. പണവും മദ്യക്കുപ്പികളും ക്രിസ്തുമസിനോടനുബന്ധിച്ച് വിവിധ ബാറുകളിലിൽനിന്നും കൈക്കൂലിയായി വാങ്ങിയതാണെന്നാണ് പ്രാഥമികമായി മനസ്സിലാക്കിയിട്ടുള്ളത് ഇത് സംബന്ധിച്ച് തുടർ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് നൽകുന്നതാണെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചു.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും, ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷവുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ അഴിമതി തടയുന്നതിനായി നിരീക്ഷണം ശക്തമാക്കുന്നതാണെന്നും വിജിലൻസ് ഡയറക്ടർ അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.